**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 602** **17-09-2025 - ൽ മറുപടിയ്ക്ക്**

**അഭിഭാഷക ക്ഷേമനിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | അഭിഭാഷകരുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | അഭിഭാഷകരുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | ജൂനിയർ അഭിഭാഷകർക്ക് വേണ്ടി ഈ സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റ് പ്രകാരം അഭിഭാഷകരുടെ ക്ഷേമത്തിനായി കേരള അഭിഭാഷക ക്ഷേമനിധി രൂപീകരിച്ചിട്ടുള്ളതാണ്. ആക്റ്റിലെ 9-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (gi)ഖണ്ഡപ്രകാരം, 30 വയസ്സ് പൂർത്തിയാക്കാത്തതും ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളതും ബാറിലെ സേവനകാലം 3 വർഷത്തിൽ അധികരിക്കാത്തതുമായ ഒരു അഭിഭാഷകന്, ട്രസ്റ്റി കമ്മിറ്റി കാലാകാലങ്ങളിൽ നിശ്ചയിക്കുന്നതും സർക്കാർ അംഗീകരിക്കുന്നതുമായ നിരക്കിൽ സ്റ്റൈപൻറ് നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ആയതനുസരിച്ച് 2021 ഡിസംബർ 18-ാം തീയതിയിലെ 3715-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ കേരള ബാർ കൗൺസിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള “The Kerala Advocates’ Stipend Rules, 2021”-ലെ ചട്ടം 3-ലെ (3)-ാം ഉപചട്ടം പ്രകാരം, ട്രസ്റ്റി കമ്മിറ്റിയ്ക്ക് കാലാകാലങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി 5000/-രൂപയിൽ അധികരിക്കാത്ത തുക പ്രതിമാസ സ്റ്റൈപന്റായി നൽകുവാനും ചട്ടം 4 പ്രകാരം അഭിഭാഷകൻ ഓൾ ഇന്ത്യ ബാർ എക്സാമിനേഷൻ പാസ്സായ തീയതി മുതൽ മൂന്ന് വർഷത്തെ യഥാർത്ഥ പ്രാക്ടീസ് കാലത്തേക്കോ മുപ്പത് വയസ് പൂർത്തിയാകുന്നതു വരെയോ ഏതാണോ ആദ്യം അതുവരെ സ്റ്റൈപന്റ് നൽകേണ്ടതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>24.06.2022-ലെ സ.ഉ.(കൈ)നം.41/2022/നിയമം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, എസ്.സി/ എസ്.റ്റി വിഭാഗത്തിൽ നിന്നുള്ള അഭിഭാഷകരെ |

| | | | |
|---|---|---|---|
| | | | വാർഷിക വരുമാന പരിധിയിൽ നിന്ന് ഒഴിവാക്കിയും മുപ്പത് വയസ്സ് പൂർത്തിയാകാത്തവരും ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനം ഉള്ളവരും ബാറിലെ സേവനകാലം 3 വർഷത്തിൽ അധികരിക്കാത്തവരുമായ അഭിഭാഷകർക്ക് കേരള അഭിഭാഷക ക്ഷേമനിധിയിൽ നിന്നും പ്രതിമാസം 3000/- രൂപ (മുവായിരം രൂപ മാത്രം) നിരക്കിൽ സ്റ്റൈപൻറ് നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുള്ളതുമാണ്. മേൽവ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ കേരള അഭിഭാഷക ക്ഷേമനിധിയിൽ നിന്നും പ്രതിമാസം 3000/-രൂപ നിരക്കിൽ ജൂനിയർ അഭിഭാഷകർക്ക് സ്റ്റൈപന്റ് നൽകി വരുന്നു. |
| (സി) | ജൂനിയർ അഭിഭാഷകർക്ക് കോടതി വ്യവഹാരങ്ങളിൽ താൽപര്യം ഉണ്ടാകുന്നതിനും കുറഞ്ഞത് മൂന്ന വർഷത്തേക്ക് എങ്കിലും പ്രാക്ടീസ് തുടരുന്നതിനും സഹായകരമാകുന്ന രീതിയിൽ ഒരു നിശ്ചിത തുക പ്രാക്ടീസിംഗ് സ്റ്റൈഫന്റായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (സി) | 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റ് പ്രകാരം അഭിഭാഷകരുടെ ക്ഷേമത്തിനായി കേരള അഭിഭാഷക ക്ഷേമനിധി രൂപീകരിച്ചിട്ടുള്ളതാണ്. ആക്റ്റിലെ 9-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (gi)ഖണ്ഡപ്രകാരം, 30 വയസ്സ് പൂർത്തിയാക്കാത്തതും ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളതും ബാറിലെ സേവനകാലം 3 വർഷത്തിൽ അധികരിക്കാത്തതുമായ ഒരു അഭിഭാഷകന്, ട്രസ്റ്റി കമ്മിറ്റി കാലാകാലങ്ങളിൽ നിശ്ചയിക്കുന്നതും സർക്കാർ അംഗീകരിക്കുന്നതുമായ നിരക്കിൽ സ്റ്റൈപൻറ് നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ആയതനുസരിച്ച് 2021 ഡിസംബർ 18-ാം തീയതിയിലെ 3715-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ കേരള ബാർ കൗൺസിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള "The Kerala Advocates' Stipend Rules, 2021"-ലെ ചട്ടം 3-ലെ (3)-ാം ഉപചട്ടം പ്രകാരം, ട്രസ്റ്റി കമ്മിറ്റിയ്ക്ക് കാലാകാലങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി 5000/-രൂപയിൽ അധികരിക്കാത്ത തുക പ്രതിമാസ സ്റ്റൈപന്റായി നൽകുവാനും ചട്ടം 4 പ്രകാരം അഭിഭാഷകൻ ഓൾ ഇന്ത്യ ബാർ എക്സാമിനേഷൻ പാസ്സായ തീയതി മുതൽ മൂന്ന് വർഷത്തെ യഥാർത്ഥ പ്രാക്ടീസ് കാലത്തേക്കോ മുപ്പത് വയസ് പൂർത്തിയാകുന്നതു വരെയോ ഏതാണോ ആദ്യം അതുവരെ സ്റ്റൈപന്റ് നൽകേണ്ടതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>24.06.2022-ലെ സ.ഉ.(കൈ)നം.41/2022/നിയമം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, എസ്.സി/ എസ്.റ്റി വിഭാഗത്തിൽ നിന്നുള്ള അഭിഭാഷകരെ വാർഷിക വരുമാന പരിധിയിൽ നിന്ന് ഒഴിവാക്കിയും മുപ്പത് വയസ്സ് പൂർത്തിയാകാത്തവരും ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനം ഉള്ളവരും |

| | | | |
|---|---|---|---|
| | | | ബാറിലെ സേവനകാലം 3 വർഷത്തിൽ അധികരിക്കാത്തവരുമായ അഭിഭാഷകർക്ക് കേരള അഭിഭാഷക ക്ഷേമനിധിയിൽ നിന്നും പ്രതിമാസം 3000/- രൂപ (മൂവായിരം രൂപ മാത്രം) നിരക്കിൽ സ്റ്റൈപൻറ് നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുള്ളതുമാണ്. മേൽവ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ കേരള അഭിഭാഷക ക്ഷേമനിധിയിൽ നിന്നും പ്രതിമാസം 3000/-രൂപ നിരക്കിൽ ജൂനിയർ അഭിഭാഷകർക്ക് സ്റ്റൈപന്റ് നൽകി വരുന്നു. |
| (ഡി) | ഇപ്പോൾ പ്രാക്ടീസ് ചെയ്യുന്ന ജൂനിയർ അഭിഭാഷകർക്ക് സർക്കാർ നൽകുന്ന സാമ്പത്തിക സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ഡി) | 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്ട് പ്രകാരം അഭിഭാഷകരുടെ ക്ഷേമത്തിനായി കേരള അഭിഭാഷക ക്ഷേമനിധി രൂപീകരിച്ചിട്ടുള്ളതാണ്. ആക്ടിലെ 9-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (gi)ഖണ്ഡപ്രകാരം, 30 വയസ്സ് പൂർത്തിയാക്കാത്തതും ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളതും ബാറിലെ സേവനകാലം 3 വർഷത്തിൽ അധികരിക്കാത്തതുമായ ഒരു അഭിഭാഷകന്, ട്രസ്റ്റി കമ്മിറ്റി കാലാകാലങ്ങളിൽ നിശ്ചയിക്കുന്നതും സർക്കാർ അംഗീകരിക്കുന്നതുമായ നിരക്കിൽ സ്റ്റൈപൻറ് നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ആയതനുസരിച്ച് 2021 ഡിസംബർ 18-ാം തീയതിയിലെ 3715-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ കേരള ബാർ കൗൺസിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള “The Kerala Advocates’ Stipend Rules, 2021”-ലെ ചട്ടം 3-ലെ (3)-ാം ഉപചട്ടം പ്രകാരം, ട്രസ്റ്റി കമ്മിറ്റിയ്ക്ക് കാലാകാലങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി 5000/-രൂപയിൽ അധികരിക്കാത്ത തുക പ്രതിമാസ സ്റ്റൈപന്റായി നൽകുവാനും ചട്ടം 4 പ്രകാരം അഭിഭാഷകൻ ഓൾ ഇന്ത്യ ബാർ എക്സാമിനേഷൻ പാസ്സായ തീയതി മുതൽ മൂന്ന് വർഷത്തെ യഥാർത്ഥ പ്രാക്ടീസ് കാലത്തേക്കോ മുപ്പത് വയസ് പൂർത്തിയാകുന്നതു വരെയോ ഏതാണോ ആദ്യം അതുവരെ സ്റ്റൈപന്റ് നൽകേണ്ടതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>24.06.2022-ലെ സ.ഉ.(കൈ)നം.41/2022/നിയമം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, എസ്.സി/ എസ്.റ്റി വിഭാഗത്തിൽ നിന്നുള്ള അഭിഭാഷകരെ വാർഷിക വരുമാന പരിധിയിൽ നിന്ന് ഒഴിവാക്കിയും മുപ്പത് വയസ്സ് പൂർത്തിയാകാത്തവരും ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനം ഉള്ളവരും ബാറിലെ സേവനകാലം 3 വർഷത്തിൽ അധികരിക്കാത്തവരുമായ അഭിഭാഷകർക്ക് കേരള അഭിഭാഷക ക്ഷേമനിധിയിൽ നിന്നും പ്രതിമാസം |

| | | | |
|---|---|---|---|
| | | | 3000/- രൂപ (മൂവായിരം രൂപ മാത്രം) നിരക്കിൽ സ്റ്റൈപൻറ് നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുള്ളതുമാണ്. മേൽവ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ കേരള അഭിഭാഷക ക്ഷേമനിധിയിൽ നിന്നും പ്രതിമാസം 3000/-രൂപ നിരക്കിൽ ജൂനിയർ അഭിഭാഷകർക്ക് സ്റ്റൈപന്റ് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ